ശ്രീ. സി. വി. ഇയ്യു: ഇങ്ങനെ സ്കൂളുകളിൽ യോഗാഭ്യാസം പഠിപ്പിക്കുന്നതുകൊണ്ട് കുട്ടികളുടെ ഹൃദയത്തിനു തകരാറു ഉണ്ടാകുന്നുവെന്ന് അറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ ഒരു കാര്യം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: വൈദ്യന്മാരുടെ അഭിപ്രായംകൂടി ഗവണ്മെൻറ് ഈ വിഷയത്തിൽ അന്വേഷിച്ചിട്ടുണ്ടോ?

Mr. Speaker: That question is disallowed.

FINAL REPORT OF THE COTTAGE INDUSTRIES COMMITTEE

*124. [29] **Sri. N. Daniel Jose:** Will the hon. Minister for Industries be pleased to state.—

(*a*) whether the Government has received the final report of the Cottage Industries Committee;

(*b*) if not, when is it expected?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**

(*a*) No.

(*b*) By the end of December 1951.

Sri. N. Daniel Jose: Did the Japanese expert who was here make some recommendations, and if so, have the Government accepted any of them?

Sri. P. K. Krishnankutty Menon: Those are before the Board for examination.

Sri. A. P. Udayabhanu: Has the Government considered the desirability of establishing cottage industries emporiums in the important cities of the State?

Sri. P. K. Krishnankutty Menon: The Board is collecting details on that matter and may recommend to Government the necessary steps to be taken.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: തിരുവനന്തപുരത്തു് എക്സ്പരിമെൻറൽ അടയി ഏതെങ്കിലും കാട്ടേജ് ഇൻഡസ്ട്രീസ് തുടങ്ങിയിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ഇതേവരെ ഉണ്ടായിട്ടില്ല.

പി. ഡബ്ളിയു. ഡി. ബഡ്ജറു വിഭാഗം

*൧൨൬. (നം ൦) †ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മുന്നാണ്ടുകളിൽ ബഡ്ജറു നിയമസഭയിൽ പാസ്സായി കഴിഞ്ഞാലുടൻ വിവിധ താലൂക്കുകളിലും ചെയ്യേണ്ട വക്കുകളുടെ എസ്റ്റിമേറു അനുവദിച്ചു തുകകൾ ഇവ കാണിച്ചിട്ടുള്ള പി. ഡബ്ലിയു. ഡി. ബഡ്ജറു വിഭാഗം എല്ലാ പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർക്കും അയച്ചുകൊടുക്കുക പതിവായിരുന്നോ;

(ബി) ഇയ്യാണ്ടിൽ ഫൈനൽ ഫോർ ബഡ്ജറു് കഴിഞ്ഞ മാർച്ചു് മാസത്തിൽ പാസ്സായിക്കഴിഞ്ഞിട്ടും appendices to the detailed Budget estimates ഫൈനൽ ഫോർ പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർക്ക് അയച്ചു കൊടുത്തിട്ടുണ്ടോ;

(സി) അയച്ചു കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

† As the Member was absent, this question was put by Sri. P. Chacko, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) അതേ.

(ബി) ചീഫ് ഇൻജനീയരുടെ കീഴിലുള്ള എല്ലാ ആഫീസുകളുടെയും ആവശ്യത്തിനു് അയച്ചുകൊടുക്കുക പതിവാണു്.

(സി) ഉദിക്കുന്നില്ല.

ശ്രീ. പി. ചാക്കോ: ഈ റിപ്പോർട്ടു് ബഡ്ഡറ വക്കുകയും ഡിസ്കസ് ചെയ്യുന്നതുവരെ കിട്ടാതിരിക്കുന്നതായി അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. പി. ചാക്കോ: തിരുവല്ലായിൽ ഇതേവരെ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിനെക്കുറിച്ചു് അന്വേഷിക്കാം.

പ്രിൻസിപ്പാളന്മാരുടെ ശമ്പളസ്കെയിൽ

*൧൨൩. (൩൧) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജു് പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസു് ഇവ എന്തു്;

(ബി) വിമൻസ് കോളേജ് പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസ് ഇവ എന്തു്;

(സി) ടെയിനിംഗ് കോളേജ് (തിരുവനന്തപുരം) പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസ് ഇവ എന്തു്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ശമ്പളം ൪൭൦—൫൦—൬൫൦ രൂപാ. അലവൻസു് ൧൦൦ രൂപാ.

(ബി) ശമ്പളം ൩൫൦—൨൦—൪൫൦ രൂപാ. അലവൻസ് ഇല്ല.

(സി) ശമ്പളം ൪൭൦—൫൦—൬൫൦ രൂപാ അലവൻസു് ഇല്ല.

ശ്രീ. പി. ചാക്കോ: ഇങ്ങിനെ അലവൻസിൽ വ്യത്യാസം വന്നിരിക്കുന്നതെന്താണു്?

ശ്രീ. എൽ. എം. പൈലി: വിമൻസുകോളേജു് പ്രിൻസിപ്പാളിന്റെ കാര്യം ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. ചാക്കോ: ടെയിനിംഗ് കോളേജിൽ പ്രിൻസിപ്പാളിനു് അലവൻസു് കൊടുക്കാത്ത കാരണമെന്താണു്?

ശ്രീ. എൽ. എം. പൈലി: അതായതു് ചില കോളേജുകളിൽ സീനിയർ പ്രൊഫസർമാർ പ്രിൻസിപ്പാളന്മാരായി നിയമിക്കപ്പെട്ടാൽ. അവർക്കു് ൧൦൦ രൂപാ അലവൻസു കൊടുക്കും. ടെയിനിംഗ് കോളേജിനെ, സംബന്ധിച്ചിടത്തോളം പ്രിൻസിപ്പാളിനുതന്നെ പ്രത്യേക ശമ്പളമാണു്. അതുകൊണ്ടു് അലവൻസു് കൊടുക്കാറില്ല.

ശ്രീ. ജോസഫ് മാത്തൻ: അവിടെയും സീനിയർ മോസ്റ്റ് പ്രൊഫസറെ നിയമിക്കുകയാണെങ്കിൽ അദ്ദേഹത്തിനു അലവൻസു കൊടുക്കുമോ?

ശ്രീ. എൽ. എം. പൈലി: അതു് ഒരു ഹൈപ്പോത്തറിക്കൽ ചോദ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly